**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4020** **16.03.2017-ൽ മറുപടിയ്ക്ക്**

**പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പുകൾ സ്വീകരിച്ച നടപടി**

**ചോദ്യം**
**ശ്രീ.എ.എം. ആരിഫ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മിഷന്റെ 292/എ 4/2016/എ. എൽ. പി./കെ. എസ്. സി. എസ്. സി. എസ്. ടി. നമ്പർ ഉത്തരവനുസരിച്ച് സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മിഷന്റെ 292/എ 4/2016/എ. എൽ. പി./കെ. എസ്. സി. എസ്. സി. എസ്. ടി. നമ്പർ ഉത്തരവിൽ ഐ.എ.വൈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി ഗുണഭോക്താക്കളിൽ 11.07.2014-ന് മുമ്പ് ധനസഹായം ലഭിക്കുന്നതിന് എഗ്രിമെന്റ് വച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് കൂടി ധനസഹായ തുക മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 11.07.2014-ൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരമുള്ള തുക രണ്ട് ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. ആയത് ഐ.എ.വൈ വീടുകൾക്കും ബാധകമാക്കി 17.07.2015-ൽ തദ്ദേശ സ്വയംഭരണവകുപ്പ് ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. 11.07.2014-ന് മുമ്പ് തെരഞ്ഞെടുക്കപ്പെട്ട ഐ.എ.വൈ ഗുണഭോക്താക്കൾക്ക് മൂന്ന് ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ നിലവിൽ ഉത്തരവില്ല.<br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്ന വീടുകളുടെ ഭവനനിർമ്മാണ ഗ്രാന്റ് 3.50 ലക്ഷം രൂപയായി ഉയർത്തുകയും, ടി വർദ്ധനവ് ഐ.എ.വൈ പദ്ധതി പ്രകാരം വീട് ലഭിക്കുന്ന പട്ടികവർഗ്ഗക്കാർക്കുകൂടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അർഹരായ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധികം നൽകേണ്ട തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വഹിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിന്നും ഐ.എ.വൈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ലഭിക്കേണ്ട വിഹിതം അനുവദിച്ചു വരുന്നു. ശേഷിക്കുന്ന തുക 2016-17 സാമ്പത്തികവർഷം ഐ.എ.വൈ പദ്ധതി നിർവ്വഹണത്തിനായി എൽ.എസ്.ജി.ഡി (സി.ആർ.ഡി) സംസ്ഥാന വിഹിതത്തിലെ നീക്കിയിരിപ്പ് തുകയായ 20.51 കോടി രൂപ അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ